**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1269** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഇഞ്ചത്തൊട്ടി പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ കുട്ടമ്പുഴ-കീരംപാറ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇഞ്ചത്തൊട്ടി പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ - കീരംപാറ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇഞ്ചത്തൊട്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിങ്ങിലേക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിവരുന്നു. പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 5.90 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പാലത്തിന്റെ ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭ്യമാകുന്ന മുറയ്ക്ക് ഡി പി ആർ തയ്യാറാക്കി ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | (എ) പിരിവിന്റെ അതേ മറുപടി. |
| (ഡി) | ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പൂർത്തിയാക്കി ഡ്രോയിങ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | (എ) പിരിവിന്റെ അതേ മറുപടി. |
| (ഇ) | പ്രസ്തുത പാലം നിർമ്മാണത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | (എ) പിരിവിന്റെ അതേ മറുപടി. |
| (എഫ്) | ഡി.പി.ആർ. വേഗത്തിലാക്കി എത്രയും പെട്ടെന്ന് ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (എഫ്) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ